**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 890** **04/03/2020-ലെ മറുപടി**

**മൂർക്കനാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| എ) | മങ്കട മണ്ഡലത്തിലെ 2016-17 വർഷത്തെ എൽ.എ.സി - എ.ഡി.എസ് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിന് റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് നാളിതുവരെ അനുവദിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ)& (ബി) | മങ്കട മണ്ഡലത്തിലെ 2016-17 വർഷത്തെ എൽ.എ.സി - എ.ഡി.എസ് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്ന പ്രവൃത്തിയുടെ റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് അനുവദിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. പൂർത്തീകരിച്ച പദ്ധതിയിൽ നിന്നും പരമാവധി ജനങ്ങൾക്ക് ശുദ്ധജലം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് നൽകാത്തതിനാൽ പദ്ധതി പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കാതെ പോയതും പദ്ധതിയുടെ ഗുണഫലം പൊതുജനങ്ങൾക്ക് നഷ്ടപ്പെടുന്നതും കണ്ട് തുടർനടപടികൾ സ്വീകരിക്കുമോ; | | |
| (സി) | ഇത്തരത്തിൽ റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് നൽകാത്തതുമൂലം മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ? | സി) | 2018-2019 സാമ്പത്തിക വർഷത്തിൽ റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് നൽകാത്തതുമൂലം മങ്കട മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന രണ്ട് പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. സംസ്ഥാനപദ്ധതിയിലുൾപ്പെടുത്തിയ ചെറുകുളമ്പ്-ചന്തപ്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ - ആരംഭിച്ചിട്ടില്ല (റോഡ് റിസ്റ്റോറെഷൻ തുക-8,52,520/- രൂപ)<br>2. സംസ്ഥാനപദ്ധതിയിലുൾപ്പെടുത്തിയ മൂർക്കനാടിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ - റോഡ് ക്രോസിങ് ഒഴികെ 90% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. (റോഡ് റിസ്റ്റോറെഷൻ തുക-80,856/- രൂപ) |

Renuka Sankar

സെക്ഷൻ ഓഫീസർ